ശുദ്ധജലവിതരണത്തിനുള്ള ആൾട്ടർനേറ്റ് ടെക്നോളജി

*27 [207] ശ്രീ. എം. പി. ഗംഗാധരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എ. സുജനപാൽ:
„ ഡി. സുഗതൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനുള്ള എന്തെങ്കിലും ആൾട്ടർനേറ്റ് ടെക്നോളജി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് എപ്പോൾ മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പ്രായോഗികമാണെന്നും പ്രയോജനപ്രദമെന്നും ഇതിനകം തെളിഞ്ഞു കഴിഞ്ഞ മഴവെള്ള സംഭരണപദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി 'വർഷ' എന്ന പേരിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡുപയോഗിച്ചു നടപ്പാക്കി വരുന്ന പദ്ധതികളിലും മഴവെള്ളക്കൊയ്ത്ത് പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പാക്കി വരുന്ന ചെറിയ ഗ്രാമീണ കുടിവെള്ള പദ്ധതികളിലും മഴവെള്ള സംഭരണം ഒരു ഘടകമാണ്.

വരും വർഷത്തിൽ മഴവെള്ള സംഭരണ പദ്ധതികൾ കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു.

പെനിൻസുലാർ മേഖലയിലെ നദികളിലെ ജലലഭ്യതയെപ്പറ്റി നടത്തിയ പഠനം

*28 [208] ശ്രീ. വർക്കല കഹാർ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ വാട്ടർ ഡവലപ്പ്മെന്റ് ഏജൻസി ഇൻഡ്യയുടെ പെനിൻസുലാർ മേഖലയിലെ നദികളിലെ ജല ലഭ്യതയെപ്പറ്റി നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഠനത്തിൽ വൈപ്പാറിനും കന്യാകുമാരിക്കും ഇടയിലുള്ള മിച്ച വെള്ളത്തെപ്പറ്റി നടത്തിയിട്ടുള്ള 66-ാം നമ്പർ ടെക്നിക്കൽ സ്റ്റഡിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈപ്പാറിനും കന്യാകുമാരിക്കും മദ്ധ്യേയുള്ളതായ പർണ്ണിച്ചിന്നാർ, മണിമുത്താർ ഉൾപ്പെടെയുള്ള നദികളിലെ ജല ലഭ്യത എത്രയായിരിക്കുമെന്നാണ് പ്രസ്തുത ഏജൻസി കണക്കാക്കിയിരിക്കുന്നത്;

(ഡി) ഈ ജലത്തിൽനിന്നും എല്ലാ ഉപയോഗങ്ങൾക്കും എടുത്തശേഷം എത്ര വെള്ളം ബാക്കിയുണ്ടാകുമെന്നാണ് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി കണക്കാക്കിയിട്ടുള്ളത്;

(ഇ) തമിഴ്നാട്ടിൽ തന്നെ മിച്ച വെള്ളമുള്ളപ്പോൾ കേരളത്തിൽനിന്നും തമിഴ്നാട്ടിലേക്ക് വെള്ളം കൊണ്ടുപോകേണ്ട ആവശ്യമില്ല എന്ന വാദം ഗവൺമെന്റ് ഉയർത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദമാക്കാമോ;

(എഫ്) വാദം ഉയർത്താത്ത പക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ടിൽ വൈപ്പാറിനും കന്യാകുമാരിക്കും ഇടയിലുള്ള അരുവികളുടെ വാട്ടർ ബാലൻസ് സ്റ്റഡിയുടെ വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ ഉപരിതല ഭൂഗർഭ ജല ലഭ്യതകളും വിവിധ മേഖലകൾക്കുള്ള ജല ആവശ്യകതയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നദികളുടെ വൃഷ്ടിപ്രദേശത്തെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് ജല ലഭ്യത കണക്കാക്കിയിരിക്കുന്നത്. ഓരോ വിഭാഗങ്ങളുടേയും മൺസൂൺ ലഭ്യതയും നോൺ മൺസൂൺ ലഭ്യതയും കണ്ടുപിടിച്ച് അതിൽ നിന്നും ആകെ വാർഷിക ലഭ്യതയും കണക്കാക്കിയിട്ടുണ്ട്.

(സി) നാഷണൽ വാട്ടർ ഡവലപ്പ്മെന്റ് ഏജൻസിയുടെ 66-ാം നമ്പർ ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ടിൽ വൈപ്പാറിനും കന്യാകുമാരിക്കും മദ്ധ്യേയുള്ള നദികളുടെ 75% ആശ്രയിക്കാവുന്ന മൊത്തവാർഷിക ഉപരിതല ജല ലഭ്യത 3820 മില്യൻ ക്യൂബിക് മീറ്റർ എന്നും 50% ആശ്രയിക്കാവുന്ന മൊത്തവാർഷിക ഉപരിതല ജല ലഭ്യത 4408 മില്യൻ ക്യൂബിക് മീറ്റർ എന്നും വിലയിരുത്തിയിട്ടുണ്ട്.

(ഡി) എല്ലാവിധ ഉപയോഗങ്ങൾക്കും ശേഷം 75% ആശ്രയിക്കാവുന്ന മൊത്ത വാർഷിക ലഭ്യതയിൽ 1605 മില്യൻ ക്യൂബിക് മീറ്റർ ജലമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഇ, എഫ്) ഇല്ല. കേരളത്തിന്റെ പ്രശ്നങ്ങളോട് ബന്ധപ്പെട്ട വാദമുഖങ്ങളാണ് ഇപ്പോൾ പ്രസക്തമായി കണക്കാക്കുകയും ഉന്നയിക്കുകയും ചെയ്തിട്ടുള്ളത്.

അന്യ സംസ്ഥാനങ്ങളിൽനിന്നും അയ്യപ്പഭക്തന്മാരെ സ്വീകരിക്കാൻ നടപടി

*29 [209] ശ്രീ. ടി. എൻ. പ്രതാപൻ:

" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന അയ്യപ്പ ഭക്തന്മാരെ സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ വിമാനത്താവളങ്ങളിലും റയിൽവേ സ്റ്റേഷനുകളിലും ടൂറിസം വകുപ്പ് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly